MATHRUBHUMI 02-02-2016

## കേന്ദ്ര മത്സ്യ നയം: കരട് പ്രസിദ്ധപ്പെടുത്താതെ തെളിവെടുപ്പ്

# അയ്യപ്പന്‍ കമ്മിഷനും സംശയത്തിന്റെ നിഴലില്‍

വി.പി. ശ്രീലന്‍

**തോപ്പുംപടി:** കേന്ദ്ര മത്സ്യ നയം രൂപവത്കരണത്തിനായുള്ള ഡോ. എസ്. അയ്യപ്പന്‍ കമ്മിഷന്‍, കരട് റിപ്പോര്‍ട്ട് പ്രസിദ്ധപ്പെടുത്താതെ, ഹിയറിങ് നടപടികള്‍ തുടങ്ങിയത് വിവാദമാകുന്നു.

നയ രൂപവത്കരണവുമായി ബന്ധപ്പെട്ട് കേരളത്തിലെ മത്സ്യമേഖലയുടെ അഭിപ്രായം തേടുന്നതിനായി വ്യാഴാഴ്ച കൊച്ചിയില്‍ കമ്മിഷന്റെ സിറ്റിങ് തീരുമാനിച്ചിട്ടുണ്ട്. മത്സ്യമേഖലയുമായി ബന്ധപ്പെട്ട യൂണിയനുകള്‍ക്കും വ്യവസായ സ്ഥാപന പ്രതിനിധികള്‍ക്കും കയറ്റുമതി സ്ഥാപന പ്രതിനിധികള്‍ക്കുമൊക്കെ സിറ്റിങ്ങില്‍ പങ്കെടുക്കാം.

എന്നാല്‍, നയരേഖയുടെ കരട് പ്രസിദ്ധപ്പെടുത്താതെ ഹിയറിങ് നടത്തുന്നത് സംശയങ്ങള്‍ക്കിട നല്‍കുന്നതായി മത്സ്യത്തൊഴിലാളി സംഘടനകള്‍ ചൂണ്ടിക്കാട്ടുന്നു.

നേരത്തെ ഇതു സംബന്ധിച്ച് തൊഴിലാളികളുടെ അഭിപ്രായം തേടുന്നതിന് സിഎംഎഫ്ആര്‍ഐയുടെ നേതൃത്വത്തില്‍ സര്‍വേ നടത്തിയിരുന്നു. ഭൂരിഭാഗം തൊഴിലാളികളും വിദേശക്കപ്പലുകളെ അനുവദിക്കുന്നതിനെ എതിര്‍ത്തു. ഇതനുസരിച്ച് വിദേശക്കപ്പലുകള്‍ക്ക് അനുമതി നല്‍കരുതെന്ന നിര്‍ദേശം ഉള്‍പ്പെടുന്ന റിപ്പോര്‍ട്ടാണ് സിഎംഎഫ്ആര്‍ഐ കേന്ദ്ര സര്‍ക്കാറിനും അയ്യപ്പന്‍ കമ്മിഷനും നല്‍കിയതത്രെ. എന്നാല്‍, അയ്യപ്പന്‍ കമ്മിഷന്‍ ആ റിപ്പോര്‍ട്ട് നിരാകരിക്കുകയാണ്.

അയ്യപ്പന്‍ കമ്മിഷന് നല്‍കിയിട്ടുള്ള പരിഗണനാ വിഷയങ്ങളില്‍ (Terms of Reference) ഇന്ത്യയിലെ മത്സ്യസമ്പത്തിന്റെ കണക്കെടുപ്പും വിശകലനവും ഉള്‍പ്പെടുത്തിയിട്ടുണ്ട്. ഈ കണക്കെടുപ്പ് നേരത്തെ നടത്തിയിട്ടുള്ളതാണ്. ഇത്തരം കണക്കെടുപ്പിലൂടെയാണ്, വിദേശക്കപ്പലുകള്‍ക്ക് അനുമതി നല്‍കാമെന്ന് നേരത്തെ മീനാകുമാരി കമ്മിഷന്‍ ശുപാര്‍ശ ചെയ്തത്. വീണ്ടും പരിഗണനാ വിഷയത്തില്‍ കണക്കെടുപ്പ് ഉള്‍പ്പെടുത്തിയതും സംശയമുണര്‍ത്തുന്നതായി മത്സ്യത്തൊഴിലാളി സംഘടനകള്‍ ആരോപിക്കുന്നു. പരിഗണനാ വിഷയങ്ങളില്‍ ഏറെയും ആഴക്കടല്‍ മീന്‍പിടിത്തവുമായി ബന്ധപ്പെട്ടതാണ്.

പുതിയ കമ്മിഷന്റെ ആദ്യ സിറ്റിങ് മുംബൈയിലായിരുന്നു. ആഴക്കടലില്‍ വിദേശക്കപ്പലുകള്‍ അനുവദിക്കാനുള്ള നീക്കത്തെ മുംബൈയില്‍ സിറ്റിങ്ങില്‍ പങ്കെടുത്തവര്‍ ശക്തിയായി എതിര്‍ത്തു.

കമ്മിഷന്റെ രണ്ടാമത്തെ സിറ്റിങ്ങാണ് വ്യാഴാഴ്ച കൊച്ചിയില്‍ നടക്കുന്നത്. വിദേശക്കപ്പലുകള്‍ക്കായി കടല്‍ തുറന്നിടാനുള്ള നീക്കമാണിതെന്നും കമ്മിഷന്റെ മുന്നില്‍ ശക്തമായ എതിര്‍പ്പ് അറിയിക്കുമെന്നും സംസ്ഥാന മത്സ്യത്തൊഴിലാളി ഐക്യവേദി കണ്‍വീനര്‍ ചാള്‍സ് ജോര്‍ജ് പറഞ്ഞു.